പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5375 23.05.2017 -ൽ മറുപടിക്ക്

## പുരാവസ്തു സംരക്ഷണ വകുപ്പിന്റെ കീഴിൽ സംരക്ഷിത സ്ഥാപനങ്ങൾ

ചോദ്യം

ശ്രീ.യു.ആർ.പ്രദീപ്

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.മ്യൂസിയവും തുറമുഖവും

പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുരാവസ്തു സംരക്ഷണ വകുപ്പിന്റെ കീഴിൽ എത്ര സംരക്ഷിത സ്ഥാപനങ്ങളും സ്ഥലങ്ങളുമുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പുരാവസ്തു വകുപ്പിന്റെ കീഴിൽ സ്ഥലങ്ങളടക്കം 180 സംരക്ഷിത സ്മാരകങ്ങളുണ്ട്. |
| (ബി) | അവയിൽ ജനങ്ങളെ കൂടുതൽ ആകർഷിയ്ക്കുന്നവ ഏതെല്ലാമാണ്; | (ബി) | മ്യൂസിയങ്ങളും, കോട്ടകളും, ക്ഷേത്രങ്ങളും, പള്ളികളും മഹാശിലായുഗ സ്മാരകങ്ങളും ജനങ്ങളെ ആകർഷിയ്ക്കുന്നുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളുടേയും സ്ഥലങ്ങളുടേയും ടൂറിസം വികസന സാധ്യത പ്രയോജനപ്പെടുത്തുന്നതിന് ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളിൽ ജനകീയ പങ്കാളിത്തം കൂടുതലുള്ള സ്മാരകങ്ങളിൽ ടൂറിസം വകുപ്പുമായി സഹകരിച്ച് വികസന സാദ്ധ്യതയുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. തക്കല പത്മനാഭപുരം കൊട്ടാരത്തിലും, മടവൂർപ്പാറയിലും ടൂറിസം വികസന സാദ്ധ്യതകൾ വകുപ്പ് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ എടക്കൽ ഗുഹ സന്ദർശനത്തിനും ടൂറിസം വകുപ്പിന്റെ സഹകരണം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ